<u>മി. സ്പീക്കർ</u>: പ്രിയമുള്ള സാമാജികരെ, ഇന്നുചേരുന്ന സഭാസമ്മേളനത്തിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കും അറിയാം. അത് പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ല. കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ ചേരുന്ന ഈ സഭാസമ്മേളനം അതിന്റെ എല്ലാ ആരോഗ്യ പ്രോട്ടോക്കോളും പാലിച്ചുകൊണ്ട് ചേരാനേ നമുക്ക് നിർവ്വാഹമുള്ളൂവെന്നതുകൊണ്ട് അംഗങ്ങൾക്ക് ചില അസൗകര്യങ്ങളുണ്ടാകുന്ന സാഹചര്യം വരാനിടയുണ്ട്. സീറ്റുകൾ പരമാവധി സൗകര്യപ്രദമായ രീതിയിൽ അകലംവിട്ടാണ് സജ്ജീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും ഏതെങ്കിലും അംഗങ്ങൾക്ക് സഭ നടക്കുന്നതിനിടയിൽ പുറകിൽ പോയി ഇരിക്കണമെന്നുണ്ടെങ്കിൽ/വിട്ടുനിൽക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ എല്ലാ അർത്ഥത്തിലും പൂർണ്ണമായി പാലിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിലും പരമാവധി അതിനോട് സഹകരിച്ചുകൊണ്ട് സഭാസമ്മേളനം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഇ-നിയമസഭയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇന്നത്തെ സമ്മേളനത്തിൽ

ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യവും വന്നിട്ടുണ്ട്. അതുകൊണ്ട് മൈക്രോഫോണിന്റെയും ഇയർഫോണിന്റെയും സേവനം പരമാവധി അംഗങ്ങൾക്ക് പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഏറ്റവും പുറകിലിരിക്കുന്നവർക്ക് പ്രത്യേകമായി രണ്ട് മൈക്കുകളും സജ്ജീകരിച്ചിട്ടുണ്ട്.